# കൈയ്യൊപ്പ്

Little KITEs

## ലിറ്റിൽ കൈറ്റ്സ്

# ഡിജിറ്റൽ മാഗസിൻ

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# INDEX

ABOUT SCHOOL......................................................................3
പൂവ് ................................................................................5
വാക്ക്...............................................................................6
ഉത്തരമില്ലാ ചോദ്യം..................................................................7
കാട്ടുപൂവ്...........................................................................8
പനിനീർച്ചെടി.......................................................................9
അഹങ്കാരം ആപത്ത് ...............................................................10
ചങ്ങാതി............................................................................12
സത്യസന്ധതയുടെ സമ്മാനം......................................................14
മഴമേഘം...........................................................................16
സാഫല്യം...........................................................................17
സഖി................................................................................18
പൂങ്കുയിൽ..........................................................................19
കൂട്ടുകാർ...........................................................................20


# ജി.എസ്.എച്ച്.എസ്.എസ് മേലഡൂർ




**അന്നമനട ഗ്രമപഞ്ചയത്തിലെ വികസിച്ചുകൊണ്ടിരിക്കുന്ന വിദ്യാലയമാണ് മേലഡൂർ ഗവൺമെന്റ് സമിതി ഹയർ സെക്കൻററി സ്കൂൾ. വിദ്യാർഥികൾക്ക് ആയി ഹൈടെക് ക്ലാസ് മുറികൾ.**

**തുടർച്ചയായി എട്ട് വർഷങ്ങളിൽ നൂറുശതമാനം വിജയംകൈവരിച്ചവിദ്യാലയമാണിത്.വിദ്യാർത്ഥികളുടെ കഴിവുകളനുസരിച്ച് അവരെ ഉന്നതികളിലേക്ക് എത്തിക്കുന്ന ഒരു കൊച്ചു വിദ്യാലയമാണിത്.വിദ്യാർത്ഥികൾക്കൊപ്പം നിന്ന് അവരെ പ്രോത്സാഹിപ്പിച്ചും  അവരിൽ നന്മയുടെ പാഠങ്ങൾ പകർന്നും അദ്ധ്യാപകർ.**

# പൂവ്



ഒരു പൂവായിരുന്നെങ്കിലിന്നു ഞാൻ
നിൻ ചുണ്ടിൽ തേൻ നുകർന്നേനെ
ഒരു വണ്ടായിരുന്നെങ്കിലിന്നു ഞാൻ
നിൻ തേനെൻ സ്വരത്തിലലിയിച്ചേനെ
ഒരു കാറ്റായിരുന്നെങ്കിലിന്നു ഞാൻ
നിൻ ഗന്ധം വാനിൽ പരത്തിയേനെ
ഒരു മരമായിരുന്നെങ്കിലിന്നു ഞാൻ
നിൻ ശാഖയെൻ മാറോടുചേർത്തേനെ
ഒരു കിളിയായിരുന്നെങ്കിലിന്നു ഞാൻ
നിൻ മൗനം ഭ്രുവിൽ പാടിയേനെ.....

**-ദിവ്യ.കെ.യു**

**9 c**

# വാക്ക്

നിൻ വാക്കുകൾ എൻ
നെഞ്ചിൽ തറച്ച നിമിഷം
ഞാൻ അറിഞ്ഞു വാക്കാണ്
വലിയ സത്യമെന്ന് നിൻ
വാക്കുകൾ എൻ നെഞ്ചിൽ
തള്ളക്കുമീ നിമിഷങ്ങൾ.....

-മരിയ ജോസഫ് 9C

# ഉത്തരമില്ലാ ചോദ്യം

ഒരു മഴവിൽകൊടിപോലെ
മൃദുമധുരമാം ഒരു കുട്ടിക്കാലം
ചിങ്ങമാസത്തിൽ ഉണ്ണുമാം
ചോറുരുളക്ക് തേൻകനി മധുരം

ഉത്തരാസ്വയംവരം കഥകളികണ്ട്
മടങ്ങുമീ ഉത്സവപറമ്പിനരികിൽ
വിക്കുമാചോളപ്പൊരിക്കെന്ത് രുചി

പൂതുമ്പികുറുങ്ങുമീ പൂന്തോട്ടം എവിടെയൊ
ശാന്തമീരാത്രിയിൽ ങ്ങുങ്ങുമൂളുന്ന മൂങ്ങകൾ എവിടെയൊ

- ആബേൽ ജോസ് വിൻ.വി

കവിത

## കാട്ടുപൂവ്

ചിതറിത്തെറിക്കുന്ന  ചിന്തകളിൽ
എപ്പോഴും നിൻെ്റയീ പുഞ്ചിരിയൊന്നുമാത്രം
മഴവില്ലു പോലെ നീ മനസ്സിൽ തെളിയുമ്പോൾ
ഉണരുന്നു എന്നിലെ മോഹങ്ങളും

കൃഷ്ണതുളസി കതിർത്തുമ്പു മോഹിക്കുകം
നിൻ്  യീ വാർമുടിച്ചുരുളിലെത്താൻ
പൂജക്കെടുക്കാത്ത പൂവായ ഞാനും
മോഹിച്ചിടുന്നു നിന്നരികിലെത്താൻ

മണമില്ല മധുവില്ല പൂജക്കെടുക്കില്ല
താനേ വളർന്നൊരു കാട്ടുപൂവാണു ഞാൻ
വിടരും മുമ്പേ പൊഴിയുന്ന ഇതളുള്ള
പൂജക്കെടുക്കാത്ത കാട്ടുപൂവാണു ഞാൻ

ഇഷ്ടമാണെന്നു ചൊല്ലുവാൻ വേണ്ടി
നിത്യവും നിൻമുമ്പിലെത്തിടുമ്പോൾ നിൻെ്റ കൊലു-
സ്സിൻെ്റ  നാദങ്ങളിൽ ഞാൻ താനേ മറന്നൊന്നു
നിന്നിടുന്നു. ഒന്നും പറയാതെയറിയാതെ പോയിടുന്നു.
ഇഷ്ടമല്ലെന്നൊരു വാക്കു നീ ചൊല്ലിയാൽ
വ്യർത്ഥമായിപ്പോകുമെൻ ജീവിതം.
നീ നടക്കും വഴിയോരത്ത് എന്നെ
കണ്ടാൽ ചിരിക്കാതെ പോകരുതെ
നിൻെ്റ യീ പുഞ്ചിരി മാത്രം മതിയെനിക്കിനിയുള്ള
കാലം കാത്തിരിക്കാൻ ഇനിയുള്ള കാലം
കാതത്തിരിക്കാൻ.

-ശ്രീതു ഉണ്ണികൃഷ്ണൻ

# പനിനീർച്ചെടി

**കവിത**

അങ്കണത്തിന്നലങ്കാരാമായൊരു
ചെമ്പനീർച്ചെടി  നട്ടുവളർത്തി ഞാൻ
ജാതമോദമതിന്നനുവാസരം
ശീതളജലധാര പകർന്നു  ഞാൻ
നാൾക്കുനാളതിൻ നാമ്പണരത്തു
നോക്കി നോക്കി മനം കുളിർക്കും
മുട്ടുതോറും കുളിർക്കും മുളകളെ
ക്ഷുദ്രകീടം കരളാതെ കാക്കുവാൻ
ആങ്കുരിക്കും കുരുന്നിലയുഗ്രമാ-
മുച്ചവെയിലേറ്റു വാടാതെ നോക്കുവാൻ
വിസ്മരിക്കാതെ നിന്നു ഞാനപ്പുതു-
പുഷ്പവല്ലിക്കു കാവൽമാലഖയായ്
മഞ്ഞുപെയ്യുന്ന ഹേമന്തസൗഭഗം
എന്റെ നാടിനെ പുൽകിയ വേളയിൽ
ആകമാനം തളിർത്തു  മനോഹരം-
ശ്യാമളാംഗിയാമെൻ പനിനീർച്ചെടി
ശുദ്ധമാകും തുഷാരകണങ്ങളാൽ
മുത്തങ്ങളാൽ സുമംഗലിയാകവേ
പൊൻപുലരിത്തുടുപ്പിനെ നോക്കവേ
ആർത്തിരമ്പുകയായനുവേലമേ-
നാന്തരംഗത്തിലാനന്ദസാഗരം

-ശ്രീതു  ഉണ്ണികൃഷ്ണൻ 7A

കഥ

# അഹങ്കാരം ആപത്ത്

പണ്ട് യമുനാനദിയിൽ ഒരു സ്വർണ്ണമത്സ്യം ജീവിച്ചിരുന്നു.ആ സ്വർണ്ണമത്സ്യം ആകട്ടെ ആ നദിയിലെ എല്ലാ മത്സ്യങ്ങൾക്കും പ്രിയങ്കരിയായിരുന്നു.അവരുടെ ഇടയിൽ പിണക്കമോ, വഴക്കോ ഒന്നും തന്നെ ഇല്ലായിരുന്നു.സ്വർണ്ണ മത്സ്യത്തിന് രണ്ട് കുഞ്ഞുങ്ങൾ ഉണ്ടായിരുന്നു.മൂത്തയാൾ സ്വർണ്ണ മത്സ്യത്തിനേക്കാൾ സുന്ദരിയായിരുന്നു.ഇളയവൾ കറുമ്പിയുമായിരുന്നു.സുന്ദരിയായവൾ കറുമ്പിമീനെ കളിയാക്കാൻ തുടങ്ങി.അങ്ങനെയിരിക്കെ ഒരു ദിവസം സ്വർണ്ണമത്സ്യം ആഹാരം തേടി പോകുവാൻ ഇറങ്ങുമ്പോൾ രണ്ടു പേരെയും വിളിച്ചിട്ട് പറഞ്ഞു " മക്കളെ വീട്ടിൽ നിന്നും ദൂരേക്ക് എങ്ങും പോവരുത്.ഇവിടെ തന്നെയിരിക്കണം കേട്ടോ എന്ന് പറഞ്ഞിട്ട് അമ്മ പോയി.മൂത്തവൾ ആകട്ടെ അമ്മ പറഞ്ഞത് അനുസരിക്കാതെ പതുക്കെ,പതുക്കെ നീന്താൻ തുടങ്ങി.കുഞ്ഞു മത്സ്യമാകട്ടെ "ചേച്ചി അമ്മ പറഞ്ഞിട്ടില്ലേ, ദൂരേയ്ക്കൊന്നും പോകരുതെന്ന് ,അമ്മ വരുമ്പോൾ വഴക്ക് പറയും"കുഞ്ഞുമീൻ പറഞ്ഞു. എന്നാൽ വലിയ മീൻ ആകട്ടെ ഇത് ഒന്നും കേട്ടതായി നടിച്ചില്ല.പിന്നയും കുഞ്ഞുമീൻ പറഞ്ഞു "ചേച്ചി പോകരുത്" വല്ല്യമീൻ പറഞ്ഞു "നിന്റെ വാക്ക് കേൾക്കാൻ എനിക്കി മനസ്സില്ല”.”കറുമ്പിയായ മീൻ പറയുന്നത് ഞാൻ എന്തിന് കേൾക്കണം.നിന്നെ കാണാൻ ഒരു ഭംഗിയില്ല.ഈ നദിയിലെ മീനുകളെക്കാൾ സൗന്ദര്യം എനിക്കുണ്ട്.എന്റെ വാലിന്റെ നീളവും ചിറകിന്റെ ഭംഗിയും ഒന്നു നോക്കിയേ!സ്വർണ്ണനിറവും ചുവന്നനിറവും കൂടികലർന്ന എന്നെ കാണാൻ എന്തു രസമാ അങ്ങനെയുള്ള ഞാൻ നിന്റെ വാക്ക് കേൾക്കണമോ?”അങ്ങനെ ആ മത്സ്യം കുഞ്ഞു മത്സ്യത്തെ കളിയാക്കി നീന്താൻ തുടങ്ങി.കുഞ്ഞു മത്സ്യമാകട്ടെ കരയാൻ തുടങ്ങി.കരഞ്ഞ്,കരഞ്ഞ് കുഞ്ഞുമത്സ്യം നീന്തി നീന്തി നടന്നു.പെട്ടെന്നൊരു

കരച്ചിൽ അയ്യോ രക്ഷിക്കണേ കുഞ്ഞുമത്സ്യം ആ കരച്ചിൽ ചെവി ഓർത്തു അയ്യോ എൻെ്റ ചേച്ചി കുഞ്ഞുമീൻ നീന്തിചെന്നപ്പോൾ അതാ വലിയ മത്സ്യം ആരുടയോ ചൂണ്ടയിൽ കുളത്തി കിടക്കുന്നു കുഞ്ഞുമീൻ അടുത്തുചെന്നു. വലിയമീൻ പറഞ്ഞു എന്നെ രക്ഷിക്കണേ കുഞ്ഞുമീൻ പറഞ്ഞു ചേച്ചി പേടിക്കേണ്ട ഞാൻ രക്ഷിക്കാം

കുഞ്ഞുമീൻ കുറയേം പണിപ്പെട്ടാണ് വലിയ മീനെ
രക്ഷപ്പെടുത്തിയത്.രക്ഷപ്പെട്ട്
കഴിഞ്ഞപ്പോൾ വലിയ മീൻ തൻെ്റ ചിറകും വായ എല്ലാം
മുറിഞ്ഞത്കൊണ്ട്
കരയാൻ തുടങ്ങി. കുഞ്ഞുമീൻ പറഞ്ഞു ചേച്ചി വിഷമിക്കേണ്ട ഇതൊക്കെ
മാറും
അമ്മ വരും മുമ്പേ വീട്ടിലേക്ക് പോകാം കുഞ്ഞുമത്സ്യം പറഞ്ഞു വലിയ
കുഞ്ഞുമീൻെ്റ അടുത്തേക്ക് വന്ന് കുഞ്ഞുമീനെ കെട്ടിപിച്ചു. നീ എന്നോട്
ക്ഷമിക്കണം എൻെ്റ അഹങ്കാരമാണ് എന്നെ ആപത്തിൽ
കൊണ്ടുപോയി ചാടിച്ചത് . അമ്മ പറഞ്ഞത് ഓർത്തിരുന്നങ്കിൽ
ഇങ്ങനെയൊന്നും സംഭവിക്കില്ലായിരുന്നു. കുഞ്ഞുമീൻ പറഞ്ഞു
അതോർത്ത് ഇനി കരയേണ്ട.
ജിവൻകിട്ടിയത് ഭാഗ്യം വലിയ മത്സ്യം പറഞ്ഞു ഇനിഒരിക്കലും ഞാൻ
നിന്നെ
കളിയാക്കില്ല.രണ്ടപേരും സന്തോഷത്തോടെ വീട്ടിലെത്തി.

***അബിയ പ്രവിൺ***

***5 A***

# <u>ചങ്ങാതി</u>

കാണുന്നോരൊക്കെയും സ്നേഹിതൻമാരല്ല
കായില്ലാ പൂക്കളും പലതുമുണ്ടേ
മിന്നുന്നതൊക്കെയും പൊന്നല്ല സൂക്ഷിച്ചാൽ
കണ്ടേക്കാം മുക്കിൻ പണിത്തരങ്ങൾ
അടലുമാപത്തും കൂടെവരുന്നേരം
കീടെതുണച്ചും സഹകരിച്ചും
ഇഷ്ടം പ്രവർത്തിച്ചുംതെറ്റുതിരുത്തിയും
കൂടരും കൂട്ടരെ കൂട്ടാരാവു

മാളവിക ഗോപി

9C

# സത്യസന്ധതയുടെ സമ്മാനം

ഒരു ഗ്രാമത്തിൽ ബാബുദാൽ എന്ന ഒരു പെയന്റർ വസിച്ചിരുന്നു. അയാൾ വളരെ സത്യസന്ധനായിരുന്നെങ്കിലും തീരെ ദരിദ്രനായതുകാരണം വീട്ടുതോറും പോയി പെയ്ൻർ ജോലി ചെയ്തുവരികയായിരുന്നു. അയാളുടെ വരുമാനം തീരെ കുറവായിരുന്നു. വളരെ കഷ്ടപെട്ടാണ് അയാൾ തന്റെ കുടുംബം പോറ്റിയിരുന്നത് .രാപ്പകൽ അധ്വാനിച്ചിട്ടും കഷ്ടിച്ച് രണ്ടുനേരത്തെ ആഹാരത്തിനുള്ള വകമാത്രമാണ് സമ്പാദിക്കാൻ കഴിഞ്ഞിരുന്നത. നല്ലവരുമാനം കിട്ടുന്ന ഏതെങ്കിലും നല്ല ജോലി കിട്ടിയിരുന്നെങ്കിൽ എന്നയാൾ എപ്പോഴും ആഗ്രഹിച്ചിരുന്നു. ചെറിയ ചെറിയ ജോലികൾ പോലും അയാൾ വളരെ ആത്മാർത്ഥയോടെയാണ് ചെയ്തിരുന്നത് .ഒരിക്കൽ അയാളെ ഗ്രാമത്തിലെ ജമീന്ദാർ വിളിപ്പിച്ചിരുന്നത്  നോക്കു ബാബുദാൽ ഞാൻ നിന്നെ ഒരു അത്യാവശ്യ കാര്യത്തിനിവേണ്ടിയാണ് വിളിപ്പിച്ചത് . എന്താ നീ ആ ജോലി ചെയ്യാമോ 'ആ ഏമാനെ... തീർച്ചയായും ചെയ്യാം. പറഞ്ഞാട്ടെ എന്ത് ജോലിയാ. എന്റെ വള്ളത്തിന് നീ പേയ്ൻടിക്കണമെന്നുണ്ട് . ആ ജോലി ഇന്നുതന്നെ തീർക്കുകയും വേണം.ശരി ഏമാനെ. ഈ  ജോലി ഞാൻ ഇന്നുതന്നെ തീർത്തുതരാം.ബാബു  ദാലിന് വള്ളം പെയിന്റടിക്കിക്കാനുള്ള  ജോലി കിട്ടിയതിൽ വളരെ  സന്തോഷമായ്.അതൊക്കെ ശരി തന്നെ പക്ഷെ  ഈ ജോലിക്ക്  1500 രൂപയാണ് വേണ്ടത് .അങ്ങേയ്ക്ക് ഇഷ്ടമുള്ളത് തന്നാൽ മതി .ശരി .നിനക്ക് 1500 രൂപ കിട്ടിയിരിക്കും .പക്ഷേ ജോലി നന്നായി ചെയ്തിരിയ്ക്കണം .ശരി യേമാനേ .അങ്ങ് വിഷമിക്കാതിരിക്ക്  .ഈ ജോലി ഞാൻ ഭംഗിയായി ചെയ്ത് തീർക്കും .(വള്ളം

*കാണിക്കാനായി ജമീന്ദാർ അയാളെ നദീതിരത്തേയ്ക്ക് കൊണ്ട് പോകുന്നു.ബാബു ജമീന്ദാരോട് കുറച്ച് സമയം ചോദിച്ചു.അയാൾ പണി തുടങ്ങി.)*

*അയ്യോ! ഈ വള്ളത്തിന് ദ്വാരണ്ടല്ലോ!ഇതിനു വള്ളത്തിന് ദ്വാരമുണ്ടല്ലോ.ഇതിനു വെറുതെ പേയ്ൻ്റടിച്ചാല് ഇത് മുങ്ങിപോകും. ആദ്യം ഈ ദ്വാരം അടയ്ക്കാം.*

*(ഇതു പറഞ്ഞുകൊണ്ട് അയാൾ ദ്വാരം അടച്ച ശേഷം പേയ്ൻ്റടിക്കുന്നു .എന്നിട്ടയാൾ ജമീന്ദാരുടെ അടുത്തേക്ക് ചെന്നിട്ട് പറയുന്നു)*

*ഏമാനേ വള്ളം പെയിൻ്റ...അടിച്ച് കഴിഞ്ഞുട്ടോ അങ്ങ് വന്ന് നോക്കിയാട്ടെ ശരി വരു (2 പേരും നദീതീരത്തെത്തുന്നു വള്ളം കണ്ടിട്ട് ജമീന്ദാർ പറയുന്നു)*

കൊള്ളാമല്ലോ ബാബുദാൽ നി... ജോലി വളരെ നന്നായിട്ടുണ്ട്.ഒരു കാര്യം ചെയ്യ്.നീ നാളെ രാവിലെ വന്ന് നിൻ്റെ കൂലി മേടിച്ചോളൂ.ശരിയേമാനേ

*(അങ്ങനെ രണ്ടുപേരും അവരുടെ വീട്ടിലേക്കു പോകുന്നു വള്ളത്തെ പരിപാലിച്ചിരുന്ന ജമീന്ദരുടെ വേലക്കാരനായ രാമു വെകീട് അവധി കഴിഞ്ഞ് മടങ്ങി വരുന്നു.വീട്ടിലാരെയും കാണാഞ്ഞ രാമു ജമീന്ദാരുടെ വീട്ടുകാരെ കുറിച്ച് ചോദിക്കുന്നു ജമീന്ദാർ അവനോട് കാര്യങ്ങളെല്ലാം തുറന്നു പറയുന്നു.ജമീന്ദാരുടെ വാക്കുകൾ കേട്ടപ്പോൾ രാമു ചിന്തയിലാണ്ടു.അവൻ്റെ മുഖഭാവം കണ്ടിട്ട് ജമീന്ദാർ ചോദിച്ചു) എന്തുപറ്റി രാമു ഇതു കേട്ടപോൾ നീ എന്താണാലോചിക്കുന്നത.യേമാനേ ആ വള്ളത്തിന് ഓട്ടയുണ്ടായിരുന്നല്ലോ.രാമുവിൻ്റെ വാക്കുകൾ കേട്ടപ്പോൾ ജമീന്ദാരിനും ആദിയായി.അപ്പോഴേക്കുംഅയാളുടെ കുടുബം ദിവസം മുഴുവൻ ചുറ്റിക്കറങ്ങിയശേഷം മടങ്ങിയെത്തുന്നു.അവരെ സുരക്ഷിതരായി കണ്ട ജമീന്ദാരിന് അശ്വാസമാകുന്നു പിറ്റെ ദിവസം ജമീന്ദായർ ബാബുദാലിനെ വിളിപ്പിച്ചട്ട് പറയുന്നു ഇതാ ബാബുദാൽ നിന്നകുള്ള കൂലി നീ ചെയ്ത ജോലി വളരെ നന്നായിട്ടുണ്ട് ഞാൻ വളരെ സന്തുഷ്ടനാണ് പണം വാങ്ങി എണ്ണിനോക്കിയ ബാബുദാൽ ആശ്ചര്യപ്പെടുന്നു കാരണം പണം കൂടിതൽ ഉണ്ടായിരുന്നു അയാൾ ജമീദാരൊടു പറയുന്നു യേമാനേ അങ്ങ് എനിക്ക് ആപതിൽ കൂടുതൽ പണം തന്നിട്ടുണ്ട്. ഇല്ല ബാബുദാൽ ഇതു ഞാൻ അപതത്തിൽ തനതുമല്ല ഇതു നിൻ്റെ അധ്വാനത്തിനുള്ള പണം തന്നെയാണ് .പക്ഷെ യെമാനേ നമ്മള് തമ്മില്ല് വെറും ആയിരത്തിയഞ്ഞൂറ് രൂപയാണ് ഉറപ്പിച്ചിരിക്കുനത. ഇത് ആറായിരം ഉണ്ട്. അപ്പൊ പിന്നെ ഇതെങ്ങനെ എൻ്റെ അധ്വാനത്തിൻ്റെ കൂലിയാകും. കാരണം നീ*

*വളരെ വലിയൊരു കാര്യമാണ് ചെയ്തത് എന്താണ് യെമാനേ,നീ ഈ വള്ളത്തിന്റെ ദ്വാരമടച്ചു. അതെ കിരറച്ചു എനിക്കറിയുകപോല്ലു ഇല്ലായിരുന്നു നിന്നക്ക് വേണങ്കിലത് വെറുതെ വിട്ടുകളയാമായിരുന്നു. അതെല്ലെങ്കിൽ കൂടുതൽ പണമാവശ്യപ്പെടാമാടിരുന്നു.പക്ഷെ നീ അതൊന്നും ചെയ്തില്ല. അതുകാരണം എന്റെ കുടുംബം സുരക്ഷിതമായെത്തി . ആ ദ്വാരം നീ അടച്ചില്ലായിരുന്നെങ്കിൽഎന്റെ കുടുംബം മുങ്ങിപോകമായിരുന്നു.നീ കാരണമാണ് അവരിന്ന് സുരക്ഷിതരായിരിക്കുന്നത.അതിനാൽ ഈ പണം നിന്റെ അധ്വാനത്തിന്റെയും*

**സത്യസന്ധതയുടെയും ആണ്. പക്ഷെ യജമാനനെ, എങ്കിലും ആ ദ്വാരമടക്കാൻ ഇത്രയൊന്നും പൈസയാവില്ലന്നേ.മതി ബാദുലാൽ മതി. ഇനി നീ ഒന്നും പറയരുത്. ഈ പണം നിനക്കുള്ളതാണ്. നീ ഇത് വച്ചോളൂ.**
**ജമീന്ദാർ പറഞ്ഞു തന്നത് കേട്ട് ബാദുലാൽ പണം വാങ്ങുന്നു.അയാൾ വളരെ സന്തോഷത്തോടെ പറയുന്നു.വളരെ വളരെ നന്ദിയുണ്ട് യജമാനനെ.ഇങ്ങനെ പറഞ്ഞിട്ട് വളരെ സന്തോഷത്തോടെ അവിടെ നിന്ന് സന്തോഷത്തോടെ പോകുന്നു.**

## ഈ കഥയിലെ സന്ദേശം

**നാം നമ്മുടെ ജോലികൾ ആത്മാർത്ഥയോടെ സത്യസന്ധതയോടെ ചെയ്യണം**

**ശ്രീതു ഉണ്ണികൃഷ്ണൻ**

**7A**

# മഴമേഘം

അലയായ് പെയ്തു എന്നിലായ്
ഒരു മഴമേഘം പോലെ നീ
എൻ ഹൃദയത്തിൻ കോണിലായ്
നുലുപോൽ പെയ്തു നീ ഇന്നലെ

കാത്തു ഞാനിന്നലെ ഇതുവഴിയെ
വിണ്ണിൻ ആനന്ദമായ് സൗരഭ്യമായ്,
ഭുവിൻ ആശ്വാസമായ്, ഹർഷമായ്
നീയന്നും  ഇന്നും ഇനിയെന്നും

- ദിവ്യ.കെ.യു 9c

# സാഫല്യം

സഫലമായൊരീ തീരത്തു നിന്നിനീ
വന്നു ഞാനീ ദുഃഖ സാഗരത്തിലേക്ക്
എന്തിനെന്നറിയാതെ പോകുന്നു
തനിയെ മൗനം മാത്രമായ് കൂടെ.

സഫലമീ ജീവിതം മതിയായില്ലെങ്കിലും
പോകയാണിന്നിനീ മൗനം തേടീ.
അലകളായ് പെയ്തെങ്കിലും നിൻ
മൊഴി തേടി യാത്രയാകുന്നു ഞാൻ
ജൻമസാഫല്യം തിരികെ വാങ്ങാൻ.

-ദിവ്യ. കെ.യു
9c

# സഖി

എത്രയോ നാളുകൾ കഴിഞ്ഞുവെന്നോ സഖി
എത്രയോ കാലങ്ങളിൽ നമ്മളീ വഴികളിൽ
പ്രണയത്തിൻ മധുരമാം ഓർമകൾ പൊഴിച്ചിതാ
എത്തിനിൽക്കുന്നൊരു നൊമ്പര പൂവായ്

എത്രയോ നാളുകളായ് സഖി
നിന്നെ ഞാൻ തേടുന്നു
നിൻ മൃദുമന്ദസ്മിതം എൻ
അകതാരിൽ തുളുമ്പുന്നു

ജന്മജന്മാന്തരം ചെയ്തൊരുപുണ്യമായ്
തന്നിതാ ഈശ്വരൻ നിന്നെയെൻ കൈകളിൽ
എൻ ജീവിതവരമായ് വന്നുവല്ലോ സഖി
എന്നിട്ടും മിഴികളിൽ ഈറനണിയിച്ചു നീ മടങ്ങി

നീയെൻ അരികിലെത്തുമ്പൊഴൊക്കെയും
ഞാൻ എൻകദനങ്ങളെല്ലാം മറന്നു
നീതന്നൊരാ ഓർമകളിലിന്നു ഞാൻ
എൻ ജീവിതം വഴുതിനീക്കുന്നു

മാളവിക ഗോപി
9C

# പൂങ്കുയിൽ

മഴവിൽകൊടിയഴകിൽ
ചാഞ്ചാടിയാടികളിക്കും കുയിലേ
നിൻമിഴികളിൽ വിടരും മന്ദസ്മിതം
നിൻമൊഴിയോ മൃദുസ്പന്ദനം

നിൻചിരികേൾക്കാനായ് ഞാൻ
കൊതിക്കവേ,എന്നും പുലർച്ചെ
നിനക്കായി ഞാൻ ഉണരവേ
നിൻ ചിരിയിലലിയുമെൻ മനസ്സ്

നീന്നുടെ മധുരസ്വരം എനി
ക്കുണ്ടായിരുന്നെങ്കിലെന്ന ഞാൻ
കൊതിക്കവേ,എന്നും നിൻ ചിരികൾ
എൻ മനസ്സിലൊരാനന്ദമായിരിക്കും.

***-അക്ഷയ് രാജേന്ദ്രൻ***

## <u>കൂട്ടുകാർ</u>




**കാലം നോക്കി കാലു മാറുന്ന**
**പെണ്ണിനെക്കാൾ എനിക്കിഷ്ടം കർമ്മം**
**കൊണ്ട് കൂടപ്പിറപ്പുകളായ എന്റെ**
**കൂട്ടുകാരെയാണ്**

-ആബേൽ ജോസ് വിൻ.വി

9 c






MESSI